**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2441** **15-10-2024 - ൽ മറുപടിയ്ക്ക്**

**കെ.എസ്.എഫ്.ഇ. നൽകിവരുന്ന ഇളവുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.എഫ്.ഇ. യിൽ നിന്നും ചിട്ടി, ലോൺ എന്നീ ഇനങ്ങളിൽ കൈപ്പറ്റിയ തുക തിരിച്ചടക്കുന്നതിന് പ്രയാസം നേരിടുന്നവർക്ക് നിലവിൽ നൽകിവരുന്ന ഇളവുകൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ? | (എ) | കെ.എസ്.എഫ്.ഇ യിൽ റവന്യൂ റിക്കവറി നടപടികൾ നേരിടുന്ന അക്കൗണ്ടുകളിലും, കെ.എസ്.എഫ്.ഇ-യുടെ ശാഖകളിൽ വിളിച്ചെടുത്തിട്ടുള്ള ചിട്ടി അക്കൗണ്ടുകളിലും വായ്പാ അക്കൗണ്ടുകളിലും നിബന്ധനകൾക്ക് വിധേയമായി കുടിശ്ശിക തീയതി (30.09.2023) അടിസ്ഥാനമാക്കി 01.08.2024 മുതൽ 30.09.2024 വരെ ഒറ്റത്തവണത്തീർപ്പാക്കൽ പദ്ധതി "ആശ്വാസ് 2024" എന്ന പേരിൽ നടപ്പാക്കിയിരുന്നു. ഈ പദ്ധതി പ്രകാരം കുടിശ്ശിക ആരംഭിച്ച വർഷത്തെ അടിസ്ഥാനപ്പെടുത്തി ആർ.ആർ/നോൺ-ആർ.ആർ അക്കൗണ്ടുകളിലെ കുടിശ്ശികക്കാർക്ക് അനുവദിച്ച വിവിധ നിരക്കിലുള്ള പലിശയിളവ് അനുബന്ധമായി ചേർക്കുന്നു. നിലവിൽ ഇളവ് പദ്ധതി കളൊന്നും പ്രാബല്യത്തിലില്ല. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| ക്രമ നമ്പർ | കുടിശ്ശിക കാലയളവ് | പലിശനിരക്കിലുള്ള ഇളവ് (ശതമാനത്തിൽ) | |
|---|---|---|---|
| | | ചിട്ടി (പലിശയിൽ) | വായ്പ (പിഴപ്പലിശയിൽ) |
| 1 | **01.04.2018** ന് മുൻപ് കുടിശ്ശികയായ അക്കൗണ്ടുകൾക്ക് | **50%** | **50%** |
| 2 | **01.04.2018** മുതൽ **31.03.2020** വരെയുള്ള കാലയളവിൽ കുടിശ്ശികയായ അക്കൗണ്ടുകൾക്ക് | **45%** | **45%** |
| 3 | **01.04.2020** മുതൽ **31.03.2022** വരെയുള്ള കാലയളവിൽ കുടിശ്ശികയായ അക്കൗണ്ടുകൾക്ക് | **40%** | **40%** |
| 4 | **01.04.2022** മുതൽ **31.03.2023** വരെയുള്ള കാലയളവിൽ കുടിശ്ശികയായ അക്കൗണ്ടുകൾക്ക് | **30%** | **30%** |
| 5 | **01.04.2023** മുതൽ **30.09.2023** വരെയുള്ള കാലയളവിൽ കുടിശ്ശികയായ അക്കൗണ്ടുകൾക്ക് | **25%** | **25%** |

**സെക്ഷൻ ഓഫീസർ**